# കേരള കാർഷിക സർവ്വകലാശാല

## കുരുമുളക് ഗവേഷണ കേന്ദ്രം , പന്നിയൂർ

Ph. No.04602227287
Email.prspanniyur@kau.in


പി1-466/2024 തീയ്യതി 04.03.2024

## കൊട്ടേഷൻ/ ലേലപ്പരസ്യം

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ 10, 3, 5, 9, 13, 16, 20 ബ്ലോക്കുകളിൽ നിന്നായി ഏകദേശം 93 കശുമാവുകളിൽ നിന്നും കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം മുദ്രവച്ച കൊട്ടേഷൻ/ പരസ്യം ലേലം മുഖേന നൽകുന്നതാണ്. കൊട്ടേഷൻ/ പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1000/- രൂപ പണമായോ, ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അസി. പ്രൊഫസർ & ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂരിന്റെ പേരിൽ ഒടുക്കേണ്ടതാണ്

18.03.2024 ന് രാവിലെ 11.30 മണിക്ക് മുമ്പായി മുദ്രവച്ച കവറിൽ കൊട്ടേഷൻ സമർപ്പിക്കേണ്ടതാണ്. അന്നു തന്നെ രാവിലെ11.30 ന് പരസ്യ ലേലവും ഉണ്ടായിരിക്കുന്നതാണ്. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആൾക്ക് തുക തൃപ്തികരമാണെങ്കിൽ കരാർ ഉറപ്പിച്ച് നൽകുന്നതാണ്. ലേല തുകയ്ക്ക് പുറമേ 5% ശതമാനം നികുതികൂടി അടക്കേണ്ടതാണ്. കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ മൊത്തം തുകയുടെ മൂന്നിലൊന്ന് അപ്പോൾതന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും നികുതിയുൾപ്പടെ ഒരാഴ്ചയ്ക്കുള്ളിൽ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം കൊണ്ടയാൾ ലേല തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുക കരാർ കാലാവധിക്ക് ശേഷം തിരിച്ചു നൽകുന്നതാണ്.

ലേലം കൊണ്ടയാൾ 200 രൂപയുടെ മുദ്രപത്രത്തിൽ ഒരു നഷ്ടോത്തരവാദിത്വ കരാർ എഴുതി സമർപ്പിക്കേണ്ടതാണ്.

ഫാം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ <u>8 മണി മുതൽ വൈകുന്നേരം 5 മണി</u> വരെ ഫാമിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ഉൽപന്നങ്ങൾ വിളവെടുക്കാനും, കൊണ്ടുപോകാനും മാത്രമാണ് അനുമതി. അവധി ദിവസങ്ങളിൽ ഒരു കാരണവശാലും ഫാമിൽ വരുന്നതിന് അനുമതിയില്ല. വിളവെടുക്കുന്നതിനിടയിലോ കൊണ്ടുപോകുന്നതിനിടയിലോ ഫാമിലെ മറ്റ് വിളകൾക്കോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ വല്ല കേടുപാടുകളും സംഭവിക്കുകയാണെങ്കിൽ കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും അതിന്റെ നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കുന്നതുമാണ്. വിളവെടുപ്പിനുള്ള അവകാശം ജൂൺ 30 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. മുകളിൽ കൊടുത്തിരിക്കുന്ന കാലപരിധിക്കുള്ളിൽ മാത്രമേ വിളവെടുക്കാൻ അനുവദിക്കുകയുള്ളൂ.

മറ്റ് സർക്കാർ കൊട്ടേഷനുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. കരാർ സംബന്ധമായി കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്. കരാർ റദ്ദാക്കാനോ, നിർത്തിവയ്ക്കാനോ, കൊട്ടേഷൻ മാറ്റിവയ്ക്കാനോ ഉള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. കൊട്ടേഷൻ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് വിളവെടുപ്പിനുള്ള മരങ്ങൾ സാധാരണ പ്രവൃത്തി ദിവസങ്ങളിൽ ഫാമിൽ വന്ന് നേരിട്ട് കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നം. 04602227287/ 8921082050.

ഒപ്പ്/-
ഡോ. രശ്മി പോൾ
അസി.പ്രൊഫസർ & ഹെഡ്

പകർപ്പ്:
1. കെ.വി.കെ കണ്ണൂർ/ നോട്ടീസ് ബോർഡ്.
2. കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്
3. പന്നിയൂർ വില്ലേജ് ഓഫീസ്
4. കെ.എ.യു വെബ്സൈറ്റ്
5. പി1/പി2/പി3 സെക്ഷൻ
6. ഡോ. സഞ്ജു ബാലൻ, അസി. പ്രൊഫസർ

KERALA AGRICULTURAL UNIVERSITY
PANNIYUR - 671 142
Date.......................
PEPPER RESEARCH STATION

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്